**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 150** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>പൈക്ക അഴിമതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. സജീവ് ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീ. വി. എസ്. ജോയി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഒ. ജെ. ജനീഷ്

(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,

മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് കായിക വികസനത്തിനുള്ള കേന്ദ്ര പദ്ധതിയായ പൈക്ക (പഞ്ചായത്ത് യുവ ക്രീഡാ ഔർ ഖേൽ അഭിയാൻ)വഴി കേരളത്തിന് അനുവദിച്ച തുകയിൽ പന്ത്രണ്ട് കോടി രൂപ കാണാതായ സംഭവത്തെക്കുറിച്ച് അന്വേഷിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പൈക്ക പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിന് അനുവദിച്ച തുകയിൽ പന്ത്രണ്ട് കോടി രൂപ കാണാതായെന്ന 07.06.2026 ലെ പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 07.06.2026 ൽ തന്നെ സർക്കാർ അന്വേഷണം പ്രഖ്യാപിച്ചിരുന്നു. ഈ വിഷയത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി 12.06.2026 ൽ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ കൂടുതൽ അന്വേഷണം ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ ധനകാര്യ പരിശോധന വിഭാഗത്തിന്റെ അന്വേഷണത്തിനു സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത തുക കാണാതായ പരാതിയെക്കുറിച്ച് കായിക വകുപ്പ് സ്പോർട്സ് കൗൺസിലിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പൈക്ക പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിന് അനുവദിച്ച തുകയിൽ പന്ത്രണ്ട് കോടി രൂപ കാണാതായെന്ന 07.06.2026 ലെ പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 07.06.2026 ൽ തന്നെ സർക്കാർ അന്വേഷണം പ്രഖ്യാപിച്ചിരുന്നു. ഈ വിഷയത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി 12.06.2026 ൽ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ കൂടുതൽ അന്വേഷണം ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ ധനകാര്യ പരിശോധന വിഭാഗത്തിന്റെ അന്വേഷണത്തിനു സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.

**(സി)** പ്രസ്തുത അന്വേഷണത്തിന് സ്പോർട്സ് കൗൺസിലിൽ നിന്നും മറുപടി ലഭ്യമാകാതിരുന്നിട്ടും മുൻ സർക്കാർ ഇടപെട്ടില്ലെന്ന ആക്ഷേപം പരിശോധിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പൈക്ക പദ്ധതിയുടെ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് പൈക്ക കോ-ഓർഡിനേറ്റർക്കെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലത്ത് പരാതി ലഭിച്ചിരുന്നു. പ്രസ്തുത പരാതിയിന്മേൽ 11.06.2025 ൽ അന്വേഷിക്കാൻ ഉത്തരവ്

നൽകിയെങ്കിലും അതിന്മേലുള്ള റിപ്പോർട്ട് നാളിതുവരെ സർക്കാരിന് സമർപ്പിച്ചിരുന്നില്ല. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിൽ ബോധപൂർവ്വമായ ഇടപെടലുകളുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**